# മഹാത്മാ ഗാന്ധി സർവ്വകലാശാല

## പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298


2020 ജൂലൈ 16

# വാർത്താക്കുറിപ്പ്

## പരീക്ഷ കേന്ദ്രത്തിന് മാറ്റം

ജൂലൈ 22ന് ആരംഭിക്കുന്ന നാലാം സെമസ്റ്റർ ബി.എഡ്. പരീക്ഷയ്ക്ക് എറണാകുളം സെന്റ് ജോസഫ് ട്രെയിനിംഗ് കോളേജിൽ പരീക്ഷയെഴുതേണ്ട വിദ്യാർഥികൾ പൂത്തോട്ട എസ്.എ.എം. ട്രെയിനിംഗ് കോളേജിൽ നിന്നും ഹാൾടിക്കറ്റ് വാങ്ങി അവിടെത്തന്നെ പരീക്ഷയെഴുതണം.

(പി.ആർ.ഒ/39/735/2020)

## പരീക്ഷഫലം

2019 ഒക്ടോബറിൽ നടന്ന രണ്ടാം സെമസ്റ്റർ മാസ്റ്റർ ഓഫ് സയൻസ് മെഡിക്കൽ ഡോക്യുമെന്റേഷൻ (നോൺ സി.എസ്.എസ്. - റഗുലർ/സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്ക് ജൂലൈ 29 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ/39/736/2020)

## ഗസ്റ്റ് അധ്യാപക ഒഴിവ്; അപേക്ഷിക്കാം

മഹാത്മാഗാന്ധി സർവകലാശാല സ്കൂൾ ഓഫ് കമ്പ്യൂട്ടർ സയൻസസിൽ എം.എസ്‌സി. കമ്പ്യൂട്ടർ സയൻസ് പ്രോഗ്രാമിന് മണിക്കൂർ അടിസ്ഥാനത്തിൽ നിയോഗിക്കുന്നതിന് ഗസ്റ്റ് അധ്യാപകരുടെ പാനൽ തയാറാക്കുന്നു. ഇതിനുള്ള ഓൺലൈൻ അഭിമുഖം ഓഗസ്റ്റ് മൂന്നിന് രാവിലെ 10ന് പഠനവകുപ്പിൽ നടക്കും. യു.ജി.സി. നിശ്ചയിച്ച യോഗ്യതയുള്ളവർ ബയോഡാറ്റ, യോഗ്യത, വയസ്, ജാതി എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ പകർപ്പുകൾ സഹിതം socs@mgu.ac.in എന്ന ഇമെയിൽ വിലാസത്തിലേക്ക് ജൂലൈ 23ന് മുമ്പ് അപേക്ഷ നൽകണം. വിശദവിവരത്തിന് ഫോൺ: 0481-2731037.

(പി.ആർ.ഒ/39/737/2020)

## കൗൺസലിംഗ്; സൗജന്യ വെബിനാർ

കൗൺസലിംഗിനെപ്പറ്റി മഹാത്മാഗാന്ധി സർവകലാശാല സൈക്കോളജിക്കൽ കൗൺസലിംഗ് സെന്റർ സംഘടിപ്പിക്കുന്ന സൗജന്യ വെബിനാർ ജൂലൈ 18ന് രാവിലെ 10.30ന് നടക്കും. കോവിഡ് വ്യാപനത്തോടനുബന്ധിച്ച് ആശങ്കയും മറ്റ് മാനസികപ്രശ്നങ്ങളും വർധിക്കുന്ന സാഹചര്യത്തിൽ കൗൺസലിംഗിനെപ്പറ്റി സമൂഹത്തിൽ അവബോധം സൃഷ്ടിക്കുന്നതിനാണ് വെബിനാർ. സർവകലാശാല വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് ഉദ്ഘാടനം ചെയ്യും. ഗൂഗിൾ മീറ്റിൽ സംഘടിപ്പിക്കുന്ന സെമിനാറിന് forms.gle/E1Q2qyZapitBnc4FA എന്ന ലിങ്കിൽ രജിസ്റ്റർ ചെയ്യാം. വിശദവിവരത്തിന് ഫോൺ: 9495971231.

(പി.ആർ.ഒ/39/738/2020)

## സെനറ്റ്, സ്റ്റുഡന്റ്സ് കൗൺസിൽ തെരഞ്ഞെടുപ്പ്; ഓഗസ്റ്റ് മൂന്നുവരെ നാമനിർദ്ദേശപത്രിക സമർപ്പിക്കാം

ഓഗസ്റ്റ് എട്ടിന് മഹാത്മാഗാന്ധി സർവകലാശാല സെനറ്റിലേക്കും സ്റ്റുഡന്റ്സ് കൗൺസിലിലേക്കും നടക്കുന്ന തെരഞ്ഞെടുപ്പിന്റെ നാമനിർദ്ദേശപത്രിക ഓഗസ്റ്റ് മൂന്നിന് ഉച്ചകഴിഞ്ഞ് രണ്ടുവരെ സമർപ്പിക്കാം. വിജ്ഞാപനം, മാതൃക ബാലറ്റ് പേപ്പറുകൾ, നാമനിർദ്ദേശപത്രിക ഫോറങ്ങൾ എന്നിവ സർവകലാശാല വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

(പി.ആർ.ഒ/39/739/2020)

**എ. അരുൺ കുമാർ**

പബ്ലിക് റിലേഷൻസ് ഓഫീസർ